# വിപശ്യനാ പത്രിക

*സയാജീ ഊ ബാ ഖിൻന്റെ പരമ്പരയ്ക്കനുസരിച്ച് എസ. എൻ. ഗോയങ്ക പഠിപ്പിച്ച ധ്യാന വിധി*

**Vol. 5, No. 7 : ജൂലായ് 2012** | **വിപസ്സന റിസർച്ച് ഇൻസ്റ്റിറ്റ്യൂട്**
**മലയാളം മാസ പത്രിക** | **ധമ്മഗിരി, ഇഗത്പുരി – 422 403, മഹാരാഷ്ട്ര**

### *ധർമ്മ വാണി*

*ക്ഷൺ ക്ഷൺ ബീതത് ബീതതെ,*
*ജീവൻ ബീതാ ജായ്,*
*ക്ഷൺ ക്ഷൺ കാ ഉപയോഗ് കർ*
*ബീതാ ലൗട് ന ആയ്.*

ക്ഷണം, ക്ഷണം കഴിയുന്നു,
കഴിഞ്ഞിടുന്നീ ജീവിതം,
ക്ഷണമോരോന്നും ഉപയോഗിക്കൂ,
പോയ ക്ഷണമിനി വരുകില്ല.

— **എസ. എൻ. ഗോയങ്ക**

# സമതയുടെയും ശ്രദ്ധയുടെയും ബലം

**എസ. എൻ. ഗോയങ്ക**

*(ജീ–ടീവിയിൽ തുടർച്ചയായി 44 ഭാഗങ്ങളായി പ്രസാരണം ചെയ്ത ഗോയങ്കജീയുടെ പ്രവചനങ്ങളുടെ 30 ാം ഭാഗം)*

സാധക–സാധികമാർ എപ്പോൾ തപോ ഭൂമിയിൽ ഈ വിപശ്യന പഠിക്കുവാൻ വരുന്നുവോ അപ്പോൾ ദൃഢമായി ശീലപാലനം ചെയ്തുകൊണ്ട് ആനാപാനയുടെ സഹായത്താൽ, അതായത് ശ്വാസത്തിന്റെ സഹായത്താൽ ചിത്തത്തെ ഏകാഗ്രമാക്കുന്ന അഭ്യാസം ചെയ്തുകൊണ്ട് പ്രജ്ഞയുടെ ക്ഷേത്രത്തിൽ ഇറങ്ങുന്നു. വിപശ്യനയുടെ ജോലി തുടങ്ങുമ്പോൾ അവർക്ക് രണ്ടു കാര്യങ്ങൾ അറിയേണ്ടത് വളരെ ആവശ്യമാണ്. ഈ രണ്ടിനോടും ശ്രദ്ധയോടെ ഇരിക്കേണ്ടത് വളരെ ആവശ്യമാണ്. വിപശ്യനയുടെ രണ്ടു പക്ഷമാണ്. എപ്രകാരം ഒരു പക്ഷിക്ക് രണ്ടു ചിറകുണ്ടോ, രണ്ടും ഒരുപോലെയാകേണ്ടതുണ്ട്. വലുതും ചെറുതും ആകരുത്. രണ്ടും ബലവാനാകേണ്ടതുണ്ട്. ഒന്ന് ദുർബലവും ഒന്ന് ബലമുള്ളതും ആകരുത്. അങ്ങനെയല്ലെങ്കിൽ പക്ഷിക്ക് പറക്കാൻ കഴിയില്ല. അപ്രകാരം തന്നെ വണ്ടിക്ക് രണ്ടു ചക്രമുണ്ട്, രണ്ടും ഒരുപോലെ ആകേണ്ടതുണ്ട്, സമാനമാകേണ്ടതുണ്ട്. ഒരു ചക്രം ചെറുതാണ്, ഒന്നു വലുതാണ് എങ്കിൽ വണ്ടിക്ക് മുന്നോട്ടു പോകാൻ കഴിയില്ല. ഇതേ പ്രകാരം വിപശ്യനക്ക് രണ്ടു ഭാഗങ്ങളുണ്ട്. രണ്ടും ഒരുപോലെ ദൃഢമായിരിക്കേണ്ടതുണ്ട്. ഒരു ഭാഗം – സ്വന്തം ഉള്ളിൽ ഏതൊന്ന് നടന്നുകൊണ്ടിരിക്കുന്നോ, ഈ മൂന്നരകൈയ്യുള്ള ശരീരത്തിനകത്ത് ഏതൊരു അനുഭവം ഉണ്ടാകുന്നുവോ, ഏതൊരു സംവേദന ഉണ്ടാകുന്നുവോ, അതായത് ഏതൊരു അനുഭൂതികൾ നടന്നുകൊണ്ടിരിക്കുന്നുവോ – സുഖകരമായാലും, ദുഖകരമായാലും; സ്ഥൂല മായാലും, സൂക്ഷ്മമായാലും; എത്തരത്തിലായാലും, ആദ്യകാര്യമാകട്ടെ അവയെപ്പറ്റി ഉണർവ്വോടെ ഇരിക്കണം, അവയെ അറിയണം. ഇത്രതന്നെ മനോബലം, മനസ്സിന്റെ ക്ഷമത വർദ്ധിപ്പിക്കാൻ കഴിഞ്ഞില്ല, കൂടാതെ അവന് ഉള്ളിൽ എന്താണ് നടന്നുകൊണ്ടിരിക്കുന്നത് എന്ന് അറിയുന്നേയില്ല, എങ്കിൽ വിപശ്യനയിൽ സഫലമാകില്ല. ആയതുകൊണ്ട് ഒരു പക്ഷമാകട്ടെ ഇതാണ് – ഏതൊന്ന് നടന്നു കൊണ്ടിരിക്കുന്നുവോ, എല്ലാം അറിയണം. രണ്ടാമത്തെ പക്ഷം ഇതാണ് – അറിഞ്ഞുകൊണ്ട് സമതയിൽ സ്ഥിതമാകണം. ഏതെങ്കിലും അനുഭൂതിയെ ചീത്തയെന്നു വിശ്വസിച്ചു കൊണ്ട് അതിനെപ്പറ്റി ദ്വേഷം ഉണർത്താൻ തുടങ്ങരുത്. അതിനാൽ ജാഗരൂകതയും സമതയും, ഈ രണ്ടു ചക്രങ്ങളും ഒപ്പം ഒപ്പം, ഒരുപോലെ ദൃഢമാകണം എങ്കിൽ വണ്ടി മുന്നേറിക്കൊണ്ടു പോകും, മുന്നേറിക്കൊണ്ടു പോകും.

ഒരു വ്യക്തി നദിയുടെ തീരത്തിരിക്കുകയാണ്, അന്ധനാണ്. നദിയുടെ പ്രവാഹം എങ്ങനെയാണ് എന്ന് അയാൾക്ക് കാണാനെ സാധിക്കുന്നില്ല എന്നിട്ട് പറയുകയാണ്, ഞാൻ വളരെ സമതയിലാണ്. നദിയുടെ പ്രവാഹം എന്നിൽ അല്പം പോലും പ്രഭാവം ചെലുത്തുന്നില്ല. നദിയുടെ ഒഴുക്ക് എങ്ങിനെയാണ് എന്ന് നിനക്ക് അറിയുന്നേയില്ല? നിന്നെ എങ്ങനെ പ്രഭാവിതമാക്കും? ശരിക്കും ഇതേ പ്രകാരത്തിൽ ഒരു വ്യക്തി പറയുകയാണ് – ഞാൻ വളരെ സമതയിലാണ് കഴിയുന്നത്. നീ, ഈ പുറമെ പുറമെയുള്ള കാര്യങ്ങളെ സമതയോടെ നോക്കുകയാണ് എന്ന് വിശ്വസിക്കുന്നു. പ്രതിക്രിയ ഉണ്ടാകുമ്പോൾ അമർത്തുന്നു. രാഗം ഉണരുന്നു, അമർത്തുന്നു.

ദ്വേഷം ഉണരുന്നു, അമർത്തുന്നു. എങ്കിൽ ഉള്ളുവരെ സമത എങ്ങനെയായി? ഉള്ളുവരെ അല്ലെ വേണ്ടത്.. അന്തർമനസ്സിന്റെ ആഴങ്ങൾ വരെ സമത വേണമെങ്കിൽ ഇതിനായി ശരീരത്തിൽ എന്താണ് നടന്നുകൊണ്ടിരിക്കുന്നത്, അറിയേണ്ടത് ആവശ്യ മാണ്. ഇതിനെ അറിഞ്ഞു കൊണ്ടിരിക്കുയാണ്, അറിഞ്ഞു കൊണ്ടിരിക്കുകയാണ്, എന്നാലും സമതയിലാണ്. എങ്കിൽ വിപശ്യന ശരിയായി നടന്നുകൊണ്ടിരിക്കുകയാണ് എന്നു മനസ്സിലാക്കാം. ശരീരത്തിൽ ഇവിടെ ബോധശൂന്യതയുണ്ട്, അവിടെ ബോധശൂന്യതയുണ്ട്. ബോധശൂന്യതയയുണ്ട് എന്നാൽ ഒന്നും തന്നെ അനുഭവമാകുന്നില്ല. സഹോദര, ഒന്നും അനുഭവം തന്നെ ആകുന്നില്ലെങ്കിൽ, അതിനെപ്പറ്റി നിന്റെ സമത എവിടെ? അതിനാൽ അനുഭവമുണ്ടാകേണ്ടതുണ്ട്, ആദ്യ ജോലി തലമുതൽ പാദം വരെ, പാദം മുതൽ തലവരെ സർവ്വത്ര അണു അണുവിൽ അനുഭൂതി ഉണ്ടാകേണ്ടതുണ്ട്, എന്താണ് നടന്നുകൊണ്ടിരിക്കുന്നത്? സുഖകരമായാലും, ദുഖകരമായാലും, സ്ഥൂലമായാലും, സൂക്ഷ്മമായാലും, ഒന്നല്ലെങ്കിൽ വേറൊന്ന് സംഭവിച്ചുകൊണ്ടുതന്നെയിരിക്കുന്നു. അതിനെപ്പറ്റി ജാഗ്രത, വളരെ ജാഗ്രത. എന്താണ് നടന്നുകൊണ്ടിരിക്കുന്നത്, അതിനെ അറിഞ്ഞു കൊണ്ടുമിരിക്കുന്നു പിന്നെ സമതയിലുമാണ്. വിശുദ്ധിയുടെ മാർഗ്ഗം ഇതുതന്നെയാണ്. ഭഗവാൻ ഇതിനെ മനസ്സിലാക്കിക്കൊടുത്തുകൊണ്ട് പറഞ്ഞു:

**സബ്ബെ സങ്കാരാ അനിച്ചാതി, യദാ പഞ്ഞായ പസ്സതി**

**അഥ നിബ്ബിന്ദതി ദുകെഖ്, ഏസ മഗ്ഗൊ വിസുദ്ധിയാ.**

ഇത് വിശുദ്ധിയുടെ മാർഗ്ഗമാണ്, വികാരങ്ങളിൽ നിന്നും വിമുക്തമാകുന്ന മാർഗ്ഗമാണ്. ചിത്തത്തിനെ നിതാന്ത നിർമ്മലമാക്കുന്ന മാർഗ്ഗമാണ്. എന്താണ്? സബ്ബെ സങ്കാരാ അനിച്ചാ – മുഴുവൻ സംസ്കാരവും അനിത്യമാണ്. സംസ്കാരം എന്നാൽ – ചിത്തത്തിന്റെ പ്രതിക്രിയ ചെയ്യുന്ന, കർമ്മസംസ്കാരം ഉണ്ടാക്കുന്ന ആ ഭാഗം. അത് സംവേദനയുടെ ആധാരത്തിൽ തന്നെയാണ് ഉണ്ടാക്കുന്നത്. കർമ്മസംസ്കാരം എത്തരത്തിൽ ഉണ്ടാക്കുന്നു – ശരീരത്തിൽ ഏതെങ്കിലും സംവേദന ഉണ്ടാകും. അതിനൊപ്പമെ ഉണ്ടാക്കുകയുള്ളു, കൂടാതെ ആ സംസ്കാരത്തിന്റെ പ്രതിഫലം, അതും സംവേദനകളുടെ ആധാരത്തിലെ വരികയുള്ളു, സംവേദനകൾക്ക് ഒപ്പമേ വരികയുള്ളു. ഏതൊന്ന് കർമ്മ ബീജമാണോ അതും സംസ്കാരമാണ് കൂടാതെ അതിന്റെ ഫലം – അതും സംസ്കാരമാണ്. അതായത് ഏതൊന്ന് നിർമ്മാണമായിക്കൊണ്ടി രിക്കുന്നോ, ഏതൊന്ന് പ്രകടമായിക്കൊണ്ടി രിക്കുന്നോ, അനിത്യമാണ്, നശ്വരാമാണ്, ഭംഗൂരമാണ്. 'യഥാ പഞ്ഞായ പസ്സതി'. ഈ സത്യത്തെ കേവലം ശ്രദ്ധയുടെ തലത്തിൽ തന്നെ വിശ്വസിച്ചുകൊണ്ടിരിക്കുകയാണ്. ഭഗവാൻ ബുദ്ധന്റെ വാണിയാണ്, ശരിയായിരിക്കാം. നമ്മൾ ഇതിനെ സ്വീകരിക്കുന്നു അഥവാ ബുദ്ധിയുടെ തലത്തിൽ തർക്കവിതർക്കം ചെയ്ത് വിശ്വസിച്ചുകൊണ്ട് ഇരിക്കുന്നു. ഭഗവാൻ ബുദ്ധൻ പറഞ്ഞതാണെങ്കിൽ ഈ കാരണത്താൽ പറഞ്ഞതായിരിക്കാം. പുറമെ പുറമെയുള്ള ലോകത്തിലും പരിവർത്തനം നടന്നുകൊണ്ടിരിക്കുകയല്ലെ, അപ്പോൾ ഉള്ളിലും ഉണ്ടാകുകതന്നെ ചെയ്യും – ഇപ്രകാരം വിശ്വസിക്കുകയാണെങ്കിൽ കാര്യം നടക്കില്ല. 'പ്രജ്ഞാ – യഥാ പഞ്ഞായ പസ്സതി'– പ്രജ്ഞയാൽ നോക്കിക്കൊണ്ടിരിക്കേണ്ടിയിരിക്കുകയാണ് – അതായത് വിപശ്യന ചെയ്യുകയാണ്. അനുഭൂതി ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ആ ഉത്പാദവ്യയം, ഉദയവ്യയത്തിന്റെ അനുഭൂതി നടന്നുകൊണ്ടിരി ക്കുകയാണ്. അനുഭൂതി ഉണ്ടായിക്കൊണ്ടിരി ക്കുകയാണ്. പ്രജ്ഞയുണ്ടെങ്കിൽ അതിനെ സമതയോടെ നോക്കുകയാണ്. അതിനെപ്പറ്റി രാഗം ഉണരുന്നില്ല, അതിനെപ്പറ്റി ദ്വേഷം ഉണരുന്നില്ല. കൂടാതെ ഏതൊന്ന് നടന്നുകൊണ്ടിരിക്കുന്നുവോ അതിനെപ്പറ്റി അറിയുന്നതേയില്ല ആ മോഹ മൂഢതയും ഇല്ല. അതായത് രാഗവുമില്ല, ദ്വേഷവുമില്ല, മോഹവുമില്ല. യഥാഭൂതമായ സത്യത്തെ അറിയുന്നുമുണ്ട് മാത്രമല്ല രാഗത്തിന്റെ പ്രതിക്രിയ ചെയ്യുന്നില്ല, ദ്വേഷത്തിന്റെ പ്രതിക്രിയയും ചെയ്യുന്നില്ല. അപ്പോൾ മുന്നേറി മുന്നേറി അത്തരം അവസ്ഥ വരുന്നു 'അഥ നിബ്ബിന്ദതി ദുഖെ'– മുഴുവൻ ദുഖങ്ങളിൽ നിന്നും വിടുതൽ ലഭിക്കുന്നു. ഒരു ദുഖവും അവശേഷിക്കുന്നേയില്ല.

വിപശ്യന ചെയ്യുന്നില്ലെങ്കിൽ ദുഖം വരുന്ന സമയത്ത് അതിൽ ചുറ്റിത്തിരിയുന്നു. ഭോക്താ ഭാവത്താൽ അനുഭവിക്കുന്നു. ഭോക്താഭാവത്താൽ അനുഭവിക്കുകയാണെങ്കിൽ എവിടെയാണ് വിപശ്യന? ഭോക്താഭാവം സമാപ്തമായി. ഇപ്പോൾ കേവലം നിഷ്പക്ഷഭാവമാണ്, ഈ മുഴുവൻ ദുഖങ്ങളോടും ഉപേക്ഷ ഭാവമാണ്, ഉപേക്ഷ ഭാവമാണ്. അയ്യോ, വിശുദ്ധിയുടെ മാർഗ്ഗം ലഭിച്ചു. മുന്നേറിക്കൊണ്ടു തന്നെ പോകും, മുന്നേറിക്കൊണ്ടു തന്നെ പോകും എന്നിട്ട് മുന്നേറി മുന്നേറി ചിത്തം എത്ര നിർമ്മലം ആയിക്കൊണ്ടുപോകുമോ, അത്ര അത്ര ശാന്തി, സുഖം, ഈ ആദ്യാത്മിക സുഖം ലഭിക്കാൻ തുടങ്ങും. പുറത്തുള്ള ലോകീയ സുഖം അല്ല, ഉള്ളിലെ ആധ്യാത്മീക സുഖം, നിർമ്മലതയുടെ സുഖം ലഭിക്കാൻ തുടങ്ങും. ഇതിനാലാണ് പറഞ്ഞത്

**'യതൊ യതൊ സമ്മസതി, ഖന്ധാനം ഉദയബ്ബയം**

**ലഭതി പീതിപാമോജ്ജം, അമതം തം വിജാനതം'.**

'യതൊ യതൊ' എവിടെ എവിടെ, എപ്പോഴെപ്പോൾ, 'ഖന്ധാനം' ഈ അഞ്ചു സ്കന്ദങ്ങളിൽ, അതായത് ശരീരസകന്ദത്തിലും നാല് ചിത്തസ്കന്ദങ്ങളിലും, എവിടെ എവിടെ നോക്കിയാലും അവിടെ ഉദയവ്യയം, ഉദയവ്യയത്തിന്റെ അവസ്ഥ എപ്പോൾ വരുന്നുവോ അപ്പോൾ തരംഗങ്ങൾ തന്നെ തരംഗങ്ങൾ, കുമളകൾ തന്നെ കുമളകൾ. ഏതൊരു സ്ഥൂലതയുണ്ടായി രുന്നോ, ദൂരമായി. ഏതൊരു ഘനത്വമുണ്ടായിരുന്നോ ദൂരമായി. മാത്രമല്ല സമതക്കൊപ്പം ഈ അവസ്ഥ പ്രാപ്തമായി എന്നിട്ട് സമത പുഷ്ടമായിക്കൊണ്ടു പോകുകയാണ്, പുഷ്ടമായിക്കൊണ്ടുപോകുകയാണ്. ഒരു പുതിയ കർമ്മ സംസ്കാരവും നിർമ്മിക്കുന്നില്ല. പഴയത് പുറത്തു വരുന്നു, ക്ഷയിക്കുന്നു. പുറത്തു വരുന്നു, ക്ഷയിക്കുന്നു. ഈ അവസ്ഥ എത്ര എത്ര പരിപക്വമായിക്കൊണ്ടു പോകുമോ അപ്പോൾ – ലഭതി പീതിപാമൊജ്ജം – ഉള്ളിന്റെ ഉള്ളിൽ ഇത്ര പ്രീതി, ഇത്ര പമോദം, ഇന്നത്തെ ഭാഷയിൽ പറയുകയാണെങ്കിൽ ഇത്ര ആനന്ദം, ഇത്ര ആനന്ദം. അമതം തം വിജാനതം – അമൃതത്തെ അറിയുന്നു. ഏത് അമൃതിനെ മുക്തരായ വ്യക്തികൾ അറിഞ്ഞോ, അനുഭവം ചെയ്ത് അറിഞ്ഞോ, അതിനെ

സാധകനും അറിയുന്നു, അനുഭൂതികളിൽ വരുന്നു. അയ്യോ മംഗളമായിത്തീരുന്നു. ഇതിനായി സ്വയം ജോലി ചെയ്യേണ്ടതുണ്ട്. ആരുടെയെങ്കിലും കൃപ നടക്കില്ല. ആരെങ്കിലും തലയിൽ കൈവച്ചു, ശരി ഇനി നീ മുക്തനായി എന്റെ അനുഗ്രഹമാണ്. സഹോദര – സംഭവിക്കില്ല. വഞ്ചിതനാകരുത്.

കൃപ, വളരെ കരുണ ഉണ്ടെങ്കിൽ കൂടാതെ അദ്ദേഹം ആ വഴിയിൽ നടന്നു എങ്കിൽ മാർഗ്ഗം വിവരിച്ചു തരും. 'അക്ഖാ താരൊ തഥാഗത – തഥാഗതനാണെങ്കിൽ മാർഗ്ഗം പറഞ്ഞു തരും. നിങ്ങൾ തന്നെയാണ് നടക്കേണ്ടത്. 'തുമേഹി കിച്ചം ആതപ്പം'. നിങ്ങളാണ് തപസ്സു ചെയ്യേണ്ടത്, നിങ്ങളാണ് പരിശ്രമിക്കേണ്ടത്. മറ്റാർക്കും നിങ്ങൾക്കു വേണ്ടി ചെയ്യാൻ സാധിക്കില്ല. ഈ കാര്യം മനസ്സിലായെങ്കിൽ എന്നിട്ട് വിവേകത്തോടെ ജോലിയിൽ ഏർപ്പെട്ടെങ്കിൽ ആരംഭത്തിൽ തടസ്സങ്ങൾ വരികതന്നെ ചെയ്യും. നമ്മൾ കണ്ടതുപോലെ അനേക ശത്രുക്കളുണ്ട്, അവ നമ്മുടെ തലയിൽ കയറി തുടങ്ങും. ജോലിയിൽ തടസ്സം സൃഷ്ടിക്കും, എന്നാൽ പരിഭ്രമിക്കരുത്. വിവേകമുള്ള വിപശ്യി സാധകനാണെങ്കിൽ പരിഭ്രമിക്കില്ല. ഒട്ടും പരിഭ്രമിക്കില്ല. നമുക്ക് മിത്രങ്ങളുമുണ്ട്. അവ സഹായിക്കും. നമുക്ക് വലിയ മിത്രമുണ്ട്, എല്ലാ സാധകന്റെയും മിത്രം – അതാണ് ശ്രദ്ധ. ആരുടെ പക്കൽ ഈ ശ്രദ്ധയുടെ ബലം തന്നെയില്ല, ആരുടെ പക്കൽ ശ്രദ്ധയുടെ മിത്രം തന്നെയില്ല, അവൻ എങ്ങനെ മുന്നേറും. ധർമ്മ ത്തിനെപ്പറ്റി ശ്രദ്ധതന്നെയില്ലെങ്കിൽ ധർമ്മത്തിന്റെ വഴിയിൽ ഒരു ചുവടെടുക്കാൻ തന്നെ ബുദ്ധിമുട്ടും. ശങ്കതന്നെ ശങ്ക, സന്ദേഹം തന്നെ സന്ദേഹം, എങ്ങനെ ജോലി ചെയ്യും. നല്ല ശ്രദ്ധയുണ്ടാകണം, നല്ല ഭക്തിയുണ്ടാകണം, എന്നാൽ വിവേക ത്തോടൊപ്പമുണ്ടാകണം. വിവേകത്തോടൊപ്പം ഭക്തി ഉണർന്നാൽ നന്മകാരിയാകുന്നു എന്നാൽ വിവേകത്തോടൊപ്പം ഉണർന്നില്ലെങ്കിൽ, ബോധ ശൂന്യതയിൽ ഉണർന്നാൽ – അന്ധഭക്തിയായി ത്തീരുന്നു. അപ്പോൾ അപകടകരമായിത്തീരുന്നു. ഭക്തിക്ക് ഒപ്പം ഒപ്പം വിവേകമുണ്ടാകേണ്ടതുണ്ട്, അറിവുണ്ടാകേണ്ടതുണ്ട്. ജ്ഞാനമുണ്ടാകേണ്ടതുണ്ട്. ഈ വഴിയിൽ നമുക്ക് എത്ര മിത്രമുണ്ടോ, അവർ എല്ലാവർക്കും ഒപ്പം ജ്ഞാനമുണ്ടാകേണ്ടതുണ്ട്. വിവേകമുണ്ടാകേണ്ടതുണ്ട്. ഇല്ലെങ്കിൽ അന്ധനായി ത്തീരും. ഭക്തി എപ്പോൾ അന്ധമായിത്തീരുന്നോ, ശ്രദ്ധ എപ്പോൾ അന്ധമായിത്തീരുന്നോ അപ്പോൾ അപകടമായിത്തീരുന്നു. നമ്മളെ ധർമ്മത്തിന്റെ വഴിയിൽ നിന്നും വ്യതിചലിപ്പിക്കുന്നു.

ശ്രദ്ധ ആരിലായാലും ശരി. – ഏതെങ്കിലും ദേവിയിലായാലും, ദേവതയിലായാലും, ഈശ്വരനി ലായാലും, ബ്രഹ്മാവിലായാലും, അല്ലാഹു വിലായാലും, മഹാപുരുഷനിലായാലും, ബുദ്ധനി ലായാലും, മഹാവീരനിലായാലും, യേശു ക്രിസ്തുവിലായാലും, നബിയിലായാലും – ആരിലായാലും ശരി. വിവേകം ഒപ്പമുണ്ടെങ്കിൽ അവരുടെ ഗുണങ്ങളെ ഓർമ്മിക്കും എന്നിട്ട് അത്തരം ഗുണം എന്റെ ജീവനിൽ വരണം, ഇതിന്റെ പ്രയത്നം ചെയ്യും. മതി, ശ്രദ്ധ നന്മകാരിയായി. അന്ധശ്രദ്ധയായാൽ ഭിക്ഷയാചിക്കുന്ന ശ്രദ്ധയായി ത്തീരും. വെറും യാചന ചെയ്യും. ഹെ ദേവീ, എനിക്ക് ഇത് തന്നാലും, ഹെ ദേവത, എനിക്ക് ഇതു തന്നാലും, ഹെ ഈശ്വർ, ഇത് ചെയ്തു തന്നാലും. ഹേ പരമാത്മാ, എനിക്കായി ഇതു ചെയ്താലും. ഹെ ബുദ്ധ ഭഗവാൻ, എന്നെ താങ്കൾ മറുകര കടത്തിയാലും, ഹെ മഹാവീർജീ, എനിക്ക് ഇതു ചെയ്തു തന്നാലും. കഴിഞ്ഞു, ആവശ്യപ്പെടൽ തന്നെ ആവശ്യപ്പെടൽ. ഭക്തി ശുദ്ധമായില്ല, ഗുണങ്ങളെ ഓർമ്മിക്കണം എന്നിട്ട് അത്തരം ഗുണം സ്വന്തം ജീവനിൽ ധാരണം ചെയ്യണം.

ഒരു വയോവൃദ്ധ ശിബിരത്തിൽ വന്നു. വളരെ സന്തോഷവതി. പത്തുദിവസം ജോലി ചെയ്തു, വളരെ പ്രസന്നയായിപ്പോയി. അയ്യോ, വളരെ നന്മകാരിയായ വിദ്യ ലഭിച്ചു. ഞാൻ ഇതുതന്നെയായിരുന്നു അന്വേഷിച്ചുകൊണ്ടിരുന്നത്. ചിത്തത്തെ എങ്ങനെയാണ് നിർമ്മലമാക്കുന്നത്? ഒരു പ്രകാരത്തിലും ചിത്തം നിർമ്മലമാകുന്നതേയില്ല. അഴുക്കോട് അഴുക്ക് ഉണരുകയാണ്. ഈ വിദ്യ ലഭിച്ചു, എനിക്ക് മംഗളമുണ്ടായി. ഇപ്പോൾ വീട്ടിൽ പോയിട്ടും രാവിലെയും വൈകിട്ടും ഇതിന്റെ അഭ്യാസം ചെയ്തുകൊണ്ടുപോയി. ജീവനിൽ വളരെ ലാഭം വന്നു. വളരെ പരിവർത്തനം വന്നു. വർഷത്തിനു ശേഷം അവിടെ വീണ്ടും ശിബിരം വച്ചു. അപ്പോൾ വീണ്ടും വന്നു. പറയുകയാണ് – ഈ വഴിയിൽ എന്റെ ഇത്ര മംഗളമുണ്ടായി ജീവൻതന്നെ മാറിപ്പോയി. ജീവനിൽ ഇത്ര സുഖശാന്തി വന്നു, ഇത്ര വികാരങ്ങളിൽ നിന്ന് മുക്തി കിട്ടി. ഇതിനെ ബലവാനാക്കുന്നതിനാണ് വീണ്ടും വന്നിരിക്കുന്നത്. എന്നാൽ മനസ്സിൽ ഒരു സന്ദേഹമുണ്ട്. സന്ദേഹം എന്താണ്? മകളെ, എന്തു സന്ദേഹമാണെന്ന് പറയു? സന്ദേഹം ഇതാണ് – ഇതാകട്ടെ ജ്ഞാനത്തിന്റെ മാർഗ്ഗമാണ് എന്നാൽ ഞാനാകട്ടെ ഇത്തരം കുടുംബത്തിലാണ് ജനിച്ചതും വളർന്നതും, ജീവിച്ചതും എന്നാൽ അവിടെയാകട്ടെ ഭക്തി തന്നെ ഭക്തി. ഞാനാകട്ടെ എപ്പോഴും ഭക്തിമാർഗ്ഗത്തിൽ നടക്കുന്നവൾ എന്നാൽ ഇപ്പോൾ ഈ ജ്ഞാനമാർഗ്ഗത്തിൽ എത്ര എത്ര നടക്കുന്നുവോ എന്റെ മുഴുവൻ ഭക്തിയും വിട്ടുപോകും. ഈ ദേവീ-ദേവതകളെപ്പറ്റി എനിക്ക് ഏതുശ്രദ്ധയുണ്ടോ, അത് മുഴുവൻ നഷ്ടമായിത്തീരും.

അയ്യോ, ഇല്ല ഇല്ല, നീ ശരിക്കും മനസ്സിലാക്കുക. നിന്റെ ഭക്തി കൂടുതൽ ബലവാനായിത്തീരും. നിന്റെ ശ്രദ്ധ ബലവാനായി ത്തീരും എന്തെന്നാൽ നിർമ്മലമായിത്തീരും, നഷ്ടമാകില്ല.

ഇല്ല, ഇത് താങ്കൾ പറയുന്നകാര്യമാണ്. ജ്ഞാനത്തിന്റെ മാർഗ്ഗമല്ലേ, ഭക്തി എങ്ങനെ നില്ക്കും? ശ്രദ്ധ എങ്ങനെ നില്ക്കും?

അപ്പോൾ ഞാൻ ചോദിച്ചു – എങ്കിൽ ഇപ്പോൾ ശ്രദ്ധയുണ്ടോ നിന്റെ ദേവിയിൽ, ദേവതയിൽ – നിനക്ക് ശ്രദ്ധയുണ്ടോ?

എന്താണ് ചോദിക്കുന്നത് വളരെ ശ്രദ്ധയുണ്ട്.

എങ്കിൽ പറയു, വീട്ടിൽ ചിലപ്പോൾ ആരെങ്കിലും രോഗിയായി, അപ്പോൾ നീ നേർച്ച നേരാറുണ്ടോ – ഹേ, ദേവീ, ഹേ ദേവതാ, ഇയാളെ സുഖപ്പെടുത്തിയാലും – എന്റെ പുത്രനെ സുഖപ്പെടുത്തിയാൽ എന്റെ ഭർത്താവിനെ സുഖപ്പെടുത്തിയാൽ ഞാൻ അഞ്ചുരൂപയുടെ പ്രസാദം അർപ്പിക്കാം. അത്തരം നേർച്ച നേരാറുണ്ടല്ലോ?

അതേ, നേരാറുണ്ട്, ഇത് വീണ്ടും വീണ്ടും നേരാറുണ്ട്.

അയ്യോ, എങ്കിൽ നിനക്ക് എന്തു ശ്രദ്ധയാണുള്ളത്? സ്വന്തം ദേവിദേവതയിൽ ശ്രദ്ധ എവിടെ? വിശ്വാസം എവിടെ? അഞ്ചു രൂപയുടെപോലും വിശ്വാസമില്ലല്ലോ! ആദ്യം ഇവനെ സുഖപ്പെടുത്തുക എങ്കിൽ അഞ്ചുരൂപയുടെ പ്രസാദം അർപ്പിക്കാം. ആദ്യം ആർപ്പിക്കുകയില്ല – അയ്യോ, നിനക്ക് അഞ്ചുരൂപയുടെ വിശ്വാസമില്ല! എന്നിട്ട് പറയുകയാണ് എന്റെ വിശ്വാസം നഷ്ടപ്പെടും.. ഇത് കച്ചവടക്കാരന്റെ ശ്രദ്ധയായില്ലെ! കച്ചവടക്കാരന്റെ വിശ്വാസമായില്ലെ! ആദ്യം എന്റെ ജോലി ചെയ്തുതരിക എങ്കിൽ അഞ്ചുരൂപ തരും. നിങ്ങൾക്ക് പ്രസാദം അർപ്പിക്കാം. അയ്യോ, നമ്മുടെ ശ്രദ്ധ എവിടെയാണ് മുങ്ങിയത്. അവരുടെ ഗുണങ്ങളെ ഓർമ്മിച്ചാൽ മംഗളമാകും. ഗുണങ്ങളെ ഓർമ്മിക്കൂ എന്നിട്ട് ജീവനിൽ ധാരണം ചെയ്യാൻ തുടങ്ങുക. ആരെ ഈശ്വരൻ എന്നു വിളിക്കുന്നോ, പരമാത്മാവ് എന്ന് വിളിക്കുന്നുവോ, ജഗ്തപിതാവെന്നു വിളിക്കുന്നോ, ആരെ ദേവി എന്നു വിളിക്കുന്നോ, ജഗജ്ജനനി എന്നു വിളിക്കുന്നുവോ, അവരെ അമ്മ–അച്ഛൻ എന്നാണ് വിളിക്കുന്നത്. എങ്കിൽ അമ്മയും അച്ഛനും എങ്ങനെയാണ് സന്തോഷിക്കുക? ഏതൊരു സന്താനം സ്വന്തം അച്ഛനമ്മമാരുടെ ഗുണങ്ങളെ സ്വന്തം ജീവനിൽ ധാരണം ചെയ്യുന്നില്ലയോ, അവർ ഏതു വഴിയിൽ പോകുവാൻ പറയുന്നോ, ആ വഴിയിലൂടെ നടക്കാതെ വിപരീതവഴിയിൽ നടക്കുകയാണെങ്കിൽ അപ്പോൾ അച്ഛനും അമ്മയും എങ്ങനെ സന്തോഷിക്കും?

ഞാൻ സ്വന്തം പുത്രനോട് പറയുകയാണ്, നിനക്ക് ഈ വഴിയാണ് നല്ലത്. ഈ വഴിയിൽ നടന്നാൽ ജീവിതം മുഴുവനും സുഖമുള്ളതാകും, സമ്പന്നനാകും, സമൃദ്ധിയുണ്ടാകും, ശാന്തി ഉണ്ടാകും, എന്നാൽ അവൻ നടക്കില്ല. നടക്കുന്നതാകട്ടെ തീർത്തും വിപരീതമായ വഴിയിലൂടെ എന്നിട്ട് രാവിലെ വന്ന് കൈകൂപ്പിക്കൊണ്ട് പ്രശംസ ചെയ്യുകയാണ് – ബാപ്പൂജി താങ്ങളുടെ മുഖം ചെന്താമരപോലെ, താങ്ങളുടെ കണ്ണ് താമരപോലെ, താങ്കളുടെ..... ഒരടിവച്ചുകൊടുക്കും, പമ്പരവിഢി, എന്നെ പൊട്ടനാക്കാൻ വന്നതാണോ – ഞാൻ എന്തു പറയുന്നോ, അത് ചെയ്യില്ല, എന്നാൽ ഈ പ്രശംസയുടെ പാലം കെട്ടുകയാണ്. അയ്യോ, എങ്കിൽ ആരെ ജഗത്പിതാവ് എന്നു വിളിക്കുന്നോ, ആരെ ജഗത്ജനനി എന്നു വിളിക്കുന്നോ, അവരെ വഞ്ചിക്കാൻ ആഗ്രഹിക്കുകയാണ്, നിങ്ങളെ പ്രശംസിപ്പിച്ച് സന്തോഷിപ്പിക്കും. ജീവനിൽ ധർമ്മം ക്കൊണ്ടു വരില്ല. ധർമ്മമയ ജീവിതം ജീവിക്കില്ല എന്നാൽ നിങ്ങളെ സന്തോഷിപ്പിക്കും. അയ്യോ സഹോദരാ, ശ്രദ്ധയുടെ പേരിൽ എവിടെയാണ് കുരുക്കിലായത്? ശ്രദ്ധ എപ്പോൾ വിവേകത്തോ ടൊപ്പമാണോ വളരെ മംഗളകരമായിത്തീരും.

ഈ ഗുണമുണ്ട്. എന്റെ ഉപാസന മൂർത്തിയിൽ ഈ ഗുണമുണ്ട്, എന്റെ ജീവനിൽ വരുന്നുണ്ടോ? ജീവനിൽ വരേണ്ടതുണ്ട്. ജീവനിൽ വരണം.. ഇതിന് പ്രയത്നം ചെയ്തു കൊണ്ടിരിക്കണം.

ആർക്കെങ്കിലും വിഷ്ണുവിനോട് വളരെ ശ്രദ്ധയുണ്ടായി. വളരെ മംഗളത്തിന്റെ കാര്യമായി. വിഷ്ണുവിന്റെ വർണ്ണനം പഠിച്ചിരിക്കാം. വിഷ്ണു ആരാണ്, വിഷ്ണു എങ്ങനെയാണ്? മധ്യയുഗ ത്തിലാണ് ഇത്തരം സാഹിത്യത്തിന്റെ നിർമ്മാണ മുണ്ടായത്, സാഹിത്യത്തിന്റെ ഒരു ധാര ഒഴുകി. സാഹിത്യകാരൻമാർ അത്തരം സാഹിത്യത്തിന്റെ നിർമ്മാണം ചെയ്തു, അതിൽ എല്ലാകാര്യവും, അധികവും ഉപമകളാൽ മനസ്സിലാക്കി തരു മായിരുന്നു. അതിനാൽ വിഷ്ണുവിനെപ്പറ്റി ഈ കാര്യവും ഉപമകളാൽ മനസ്സിലാക്കി തന്നു, അദ്ദേഹം ക്ഷീരസാഗരത്തിലാണ് ശ്യയനം ചെയ്യുന്നത് അതായത് ഇത്ര ഐശ്വര്യമുണ്ട്, അതായത് പാലിന്റെ സമുദ്രമാണ് – ഇത് അദ്ദേഹത്തിന്റെ നിവാസ സ്ഥാനമാണ്. ഇത്ര ഐശ്വര്യമാണ്, വൈഭവമാണ്. കൂടാതെ ഐശ്വര്യവും വൈഭവും എത്ര അധികമാണ് ഇതു പറയുന്നതിനായി – ലക്ഷ്മി അദ്ദേഹത്തിന്റെ കാല് തടവുകയാണ്. ലക്ഷ്മി ആരുടെ കാലു തടവുകയാണോ അദ്ദേഹത്തിന്റെ വൈഭവത്തിന്റെ, അദ്ദേഹത്തിന്റെ ഐശ്വര്യത്തിന്റെ അളവെവിടെ? ഇത്ര വൈഭവം, ഇത്ര ഐശ്വര്യം ആരുടെയെങ്കിലും പക്കൽ വന്നാൽ അപ്പോൾ ലഹരി ഉണരും, അഹങ്കാരം വരും. ഗറുവും അഹങ്കാരവും നിറയപ്പെടും. എന്നാൽ ഇവിടെ നോക്കൂ – ശാന്താകാരം. ശാന്താകാരം – മുഖത്തിൽ അല്പം പോലും പിരിമുറുക്കമില്ല, ശാന്തി തന്നെ ശാന്തി. അഹങ്കാരമില്ല, ഗർവ്വ് ഇല്ല, ശാന്താകാരം, ശാന്താകാരം. വീണ്ടും ഈ ഉപമകളുടെ കഥ മുന്നേറുകയാണ് – ഭുജഗ ശയനം – സർപ്പത്തിന്റെ കിടക്കയിൽ കിടക്കുകയാണ്. അതായത് തലയുടെ മുകളിൽ കാലൻ, എന്നാൽ അല്പം പോലും ഭയമില്ല. മുഖത്തിൽ ഭയത്തിന്റെ തരിപോലും ഇല്ല. ശാന്താകാരം, ഭുജഗശയനം. മറ്റെന്താണ്? നാഭിയിൽ നിന്ന് താമര വന്നിരിക്കുകയാണ്. ഏതു താമരയാണ് വന്നിരിക്കുന്നത്? താമര പവിത്രതയുടെ, നിസംഗത യുടെ, നിർമ്മലതയുടെ പ്രതീകമാണ്. അതായത് ഉള്ളിൽ നിർമ്മലത തന്നെ നിർമ്മലത. താമര ഏതുവെള്ളത്തിൽ ജന്മമെടുക്കുന്നുവോ, അതിന്റെ ഒരു തുള്ളിപോലും അതിൽ പറ്റില്ല, ഇത്ര നിർലിപ്തമാണ് – അതിനാൽ നിർലിപ്തമാണ്, നിസംഗമാണ്, നിരാസ്കതമാണ്. കൂടാതെ ഏതൊരു താമര വന്നുവോ അതിൽ ബ്രഹ്മാവിനെ ഇരുത്തി. നാലു മുഖമുള്ള ബ്രഹ്മാവാണ്. നാലുമുഖമുള്ള ബ്രഹ്മാവ് എന്താണ്? അനന്ത മൈത്രി, അനന്ത കരുണാ, അനന്ത മുദിത, അനന്ത ഉപേക്ഷ – ഇത് നാലും ബ്രഹ്മാവിന്റെ ഗുണമാണ്. ഇതിനാൽ ഇതിനെ ബ്രഹ്മവിഹാരമെന്ന് പറഞ്ഞിരുന്നു. അപ്പോൾ നമ്മുടെ ഉപാസ്യ ദേവതയിൽ ഈ നാല് ഗുണമുണ്ട് – അനന്ത മൈത്രി, അനന്ത കരുണ, അനന്ത മുദിത, അനന്ത ഉപേക്ഷ – അതായത് അനന്ത സമത. ഈ ഗുണം നമ്മളിലും വരണം. തന്നെ വിഷ്ണുവിന്റെ ഭക്തനെന്ന് വിളിക്കുന്നു, വളരെ ശ്രദ്ധാലുവായ ഭക്തനെന്നു വിളിക്കുന്നു എന്നാൽ ഈ ഗുണം സ്വന്തം ഉള്ളിൽ കൊണ്ടു വരുവാൻ അല്പം പോലും പ്രയത്നം ചെയ്യുന്നില്ല. അയ്യോ, ശ്രദ്ധകൊണ്ട് എന്തു ഉപകാരമുണ്ടായി? അന്ധശ്രദ്ധയായില്ലെ? വിവേകം ഒപ്പമില്ല. വിവേകം നമ്മുടെ കണ്ണുകളാണ് എന്നാൽ ശ്രദ്ധ നമ്മുടെ പാദങ്ങളാണ്.

ഏതെങ്കിലും വ്യക്തിയുടെ പക്കൽ കണ്ണില്ല, പാദമുണ്ട് – നടക്കും എന്നാൽ വഴിയിൽ നടന്ന് നടന്ന് തെറ്റായവഴിയിൽ പോകും. മാർഗ്ഗത്തിൽ നടന്ന് നടന്ന് കുമാർഗ്ഗത്തിൽ പോകും. ഏതെങ്കിലും കുഴിയിൽ വീണു പോകും. കണ്ണുകളില്ലല്ലോ! ആരുടെയെങ്കിലും പക്കൽ കണ്ണുകളുണ്ട്, കാലില്ല. കാണുന്നുണ്ട്. മുഴുവൻ വഴിയും ശരിക്കും മനസ്സിലാക്കുന്നുണ്ട്, ഇങ്ങനെയാണ്, ഇങ്ങനെയാണ്, എന്നാൽ നടക്കാൻ കഴിയില്ല. കാലില്ല. ശ്രദ്ധ തന്നെയില്ല. അതിനാൽ ശ്രദ്ധയും ഉണ്ടാകണം, വിവേകവും ഉണ്ടാകണം. കൂടാതെ ഏത് ഉപാസ്യദേവതയായാലും, ഏതെങ്കിലും ഗുണ മുണ്ടാകുകതന്നെ ചെയ്യും, അതുകൊണ്ടല്ലെ നമ്മളുടെ ഉപാസ്യദേവതയായത്. ആരിൽ ഒരു ഗുണവുമില്ലയോ, അദ്ദേഹം എങ്ങനെ നമ്മുടെ ഉപാസ്യദേവതയാകും? അദ്ദേഹത്തിനെപ്പറ്റി എന്തു ശ്രദ്ധ ഉണ്ടാകാനാണ്? ഏതെങ്കിലും ഗുണമുണ്ടാകാം. മതി, ആ ഗുണങ്ങളെ ഓർമ്മിക്കുക, ഓർമ്മിച്ചിട്ട് പ്രേരണ ഉണർത്തുക. അത്തരം ഗുണം എന്നിലും വരണം, അത്തരം സദ്ഗുണം എന്നിലും വരണം. വളരെ മംഗളമുണ്ടാകാൻ തുടങ്ങും. ആ സദ്ഗുണം വരാൻ തുടങ്ങിയാൽ അപ്പോൾ ഏതൊരു ദേവി, ഏതൊരു ദേവത, ഏതൊരു ഈശ്വരൻ, ഏതൊരു ബ്രഹ്മാവ്, ഏതൊരു അള്ളാഹൂ ആയാലും, ആരെപ്പറ്റി നമ്മുടെ മനസ്സിൽ ശ്രദ്ധയുണ്ടോ, അയ്യോ, എത്ര പ്രസന്നമാകും. വിവേകം ഒപ്പമുണ്ട് അതിനാൽ ശ്രദ്ധയുണ്ടെങ്കിൽ വളരെ മംഗളകരമായ ശ്രദ്ധയാണ്. ഈ ശ്രദ്ധ ഒപ്പം ഉണ്ടാകണം. ഈ മിത്രം ഒപ്പം ഉണ്ടാകണം. ഈ ബലം ഒപ്പമുണ്ടാകണം അപ്പോൾ കാണാം ധർമ്മത്തിന്റെ വഴിയിൽ, വിപശ്യനയുടെ വഴിയിൽ മുന്നേറി ക്കൊണ്ടുതന്നെ പോകുകയാണ്, മുന്നേറിക്കൊണ്ടു തന്നെ പോകുകയാണ്. അപ്പോൾ മംഗളം തന്നെ മംഗളം ആയിക്കൊണ്ടിരിക്കും. നന്മ തന്നെ നന്മ ആയിക്കൊണ്ടിരിക്കും. സ്വസ്തി തന്നെ സ്വസ്തി ആയിക്കൊണ്ടിരിക്കും. മുക്തി തന്നെ മുക്തി ആയിക്കൊണ്ടിരിക്കും.